**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3710** **15-07-2022 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എച്ച്. സലാം</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>മുൻ സർക്കാർ അധികാരമേറ്റ തീയതി മുതൽ 2022 മേയ് 31 വരെയുള്ള കാലയളവിൽ പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;</td><td>(എ)</td><td>2016 മെയ് മുതൽ 2022 മെയ് 31 വരെ 1,84,723 (ഒരു ലക്ഷത്തി എൺപത്തി നാലായിരത്തി എഴുന്നൂറ്റി ഇരുപത്തി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി എസ് സി മുഖേന നിയമന ശിപാർശ നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>നം.</th><th>വർഷം</th><th>പി.എസ്.സി നൽകിയ നിയമന ശിപാർശകളുടെ എണ്ണം</th></tr>
<tr><td>1.</td><td>2016 (25-05-2016 മുതൽ)</td><td>26,247</td></tr>
<tr><td>2.</td><td>2017</td><td>35,911</td></tr>
<tr><td>3.</td><td>2018</td><td>28,025</td></tr>
<tr><td>4.</td><td>2019</td><td>35,422</td></tr>
<tr><td>5.</td><td>2020</td><td>25,914</td></tr>
<tr><td>6.</td><td>2021</td><td>26,724</td></tr>
<tr><td>7.</td><td>2022</td><td>6,480</td></tr>
<tr><td colspan="2">ആകെ മൊത്തം</td><td>1,84,723</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ ഏതൊക്കെ സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി. ക്ക് വിട്ടിട്ടുണ്ടെന്ന് സ്ഥാപനത്തിന്റെ പേരും തസ്തികകളുടെ എണ്ണവും സഹിതം വ്യക്തമാക്കാമോ;</td><td>(ബി)</td><td>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് , കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി യ്ക്ക് വിടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.</td></tr>
<tr><td>(സി)</td><td>പി.എസ്.സി. റാങ്ക് ലിസ്റ്റ് പരിഷ്കരണത്തിനായി ഈ സർക്കാർ ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇനി നടപ്പാക്കാൻ</td><td>(സി)</td><td>വിവരം ശേഖരിച്ച് വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നതെന്തൊക്കെയാണെന്നും വിശദമാക്കാമോ; | | |
| (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം വകുപ്പുകളുടെയും തസ്തികകളുടെയും പേര് സഹിതം വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ